(ബി) എങ്കിൽ പ്രസ്തുത പരാതി ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ ഇത്തരത്തിൽ എത്ര സംഭവമുണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ആദിവാസികൾക്കായി രൂപപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ ഗുണം ലഭിക്കുന്നതിനുള്ള മുൻഗണന ആദിവാസികൾക്കുതന്നെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ആദിവാസികളുടെ ഊരുകൂട്ടത്തിന്റെ തീരുമാനം കൂടി പരിഗണിച്ചുകൊണ്ട് രൂപപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ ഗുണം ആദിവാസികൾക്കു തന്നെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ആദിവാസികളുടെ എണ്ണം

120 [3707] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എത്ര ആദിവാസികൾ ഉണ്ടെന്നും അതിൽ പുരുഷൻമാർ, സ്ത്രീകൾ, കുട്ടികൾ എത്രയെന്നും അവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ എത്ര ആദിവാസികൾ ഉണ്ടെന്നും ഏറ്റവും കൂടുതൽ ആദിവാസികളുള്ളത് ഏത് മണ്ഡലത്തിലാണെന്നും അറിയിക്കുമോ;

(സി) നാദാപുരം മണ്ഡലത്തിൽ ട്രൈബൽ ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2003 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവേ പ്രകാരം നാദാപുരം മണ്ഡലത്തിൽ 2178 പട്ടികവർഗ്ഗക്കാരുണ്ട്. അതിൽ 1068 പുരുഷൻമാരും, 1110 സ്ത്രീകളും ഉണ്ട്. കുട്ടികൾ ഉൾപ്പെടെയുള്ള എണ്ണമാണിത്. ഇവരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോഴിക്കോട് ജില്ലയിൽ 9697 പട്ടികവർഗ്ഗക്കാരുണ്ട്. നാദാപുരം മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാരുള്ളത്.

(സി) നാദാപുരം മണ്ഡലത്തിലെ പട്ടിക വർഗ്ഗക്കാർ അവിടുത്തെ ആകെ ജനസംഖ്യയുടെ 1 ശതമാനത്തിൽ താഴെ മാത്രമേ വരികയുള്ളു. ആയതിനാൽ ട്രൈബൽ ആശുപത്രി സ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല എന്നറിയിച്ച് അപേക്ഷ തീർപ്പാക്കിയിട്ടുണ്ട്.

വ്യാജ ജാതി സർട്ടിഫിക്കറ്റ് കേസ്സുകൾ തീർപ്പാക്കാൻ നടപടി

121 [3708] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയതുമായി ബന്ധപ്പെട്ട എത്ര കേസ്സുകളിൽ തീരുമാനം എടുക്കുവാൻ ഉണ്ടായിരുന്നു. ഇവയിൽ എത്ര കേസുകളിൽ തീരുമാനം ആയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ലഭിച്ചുവെന്നും അവയിൽ തീർപ്പ് നൽകിയവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം കേസ്സുകളിൽ തീരുമാനം എടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് തീരുമാനം വൈകുന്നതെന്നും ഇതു പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 328 കേസ്സുകൾ. ഇതിൽ ഭൂരിപക്ഷം കേസ്സുകളും വിവിധ കോടതികളുടെ പരിഗണനയിലായതിനാൽ കുറച്ചു കേസ്സുകളിൽ മാത്രമേ തീരുമാനം ആയിട്ടുള്ളു.

(ബി) 135 കേസ്സുകൾ. ഇതിൽ 53 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. 1996-ലെ ആക്ട് 11 പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുള്ളതുകൊണ്ടും കോടതി കേസ്സുകൾ മൂലവും ആണ് തീരുമാനം എടുക്കാൻ കാലതാമസമുണ്ടായത്. വിദഗ്ദ്ധ ഏജൻസിയായ കിർത്താഡ്സിന്റെ വിജിലൻസ് വിഭാഗത്തെ കൂടുതൽ സജ്ജമാക്കാനും, കേസ്സുകൾ കഴിവതും വേഗം തീർപ്പുകൽപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly